# മാനന്തവാടി രൂപതാദിനാചരണവും

# ശ്രേഷ്ഠ പുരസ്കാര വിതരണവും മെയ് ഒന്നിന്

ഈ വർഷത്തെ മാനന്തവാടി രൂപതാ ദിനാചരണവും ശ്രേഷ്ഠ പുരസ്കാര വിതരണവും മെയ് ഒന്നിന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചു നടക്കും. രാവിലെ 9.00 ന് പതാക ഉയർത്തുന്നതോടെ ചടങ്ങുകൾക്ക് തുടക്കമാകും. 10.30 ന് രൂപതാദ്ധ്യക്ഷൻ ബിഷപ് മാർ ജോസ് പൊരുന്നേടത്തിന്റെ മുഖ്യ കാർമികത്വത്തിൽ വി.കുർബാന. തുടർന്ന് പൊതു സമ്മേളനം. പൊതു സമ്മേളനത്തിൽ ബിഷപ് മാർ ജോസ് പൊരുന്നേടം അദ്ധ്യക്ഷത വഹിക്കും. രൂപതയിൽ സേവനം ചെയ്യുന്ന വൈദികർ, സന്യാസ സമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സ്, രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, നടത്തു കൈക്കാരന്മാർ, ദേവാലയ ശുശ്രൂഷികൾ, ഇടവക സെക്രട്ടറിമാർ, സൺഡേ സ്കൂൾ പ്രധാന അധ്യാപകർ, മതബോധനത്തിന്റെയും ഭക്തസംഘടനകളുടെയും രൂപതാ ഭാരവാഹികൾ, രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്ന മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും പ്രധാനാധ്യാപകർ, ഇടവകാതല ലഹരി വിമുക്ത വർഷാചരണ കമ്മിറ്റി കൺവീനർമാർ എന്നിവർ സമ്മേളനത്തിൽ സംബന്ധിക്കും.

ഈ വർഷം സുവർണ ജൂബിലി ആഘോഷിക്കുന്ന വൈദികർ, സന്യസ്ഥർ, 35 വർഷം സേവനം പൂർത്തിയാക്കിയ മതാദ്ധ്യാപകർ, 25 വർഷം പൂർത്തിയാക്കിയ ദേവാലയ ശുശ്രൂഷികൾ, കൂടാതെ വിവിധ മേഖലകളിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച വ്യക്തികൾ എന്നിവരെ ചടങ്ങിൽ ആദരിക്കും. ഈ വർഷത്തെ ശ്രേഷ്ഠ പുരസ്കാരത്തിന് തെരഞ്ഞെടുക്കപ്പെട്ടവർക്കുള്ള അവാർഡ് വിതരണവും സമ്മേളനത്തിൽ നടത്തും.

പൊതുസമ്മേളനത്തിൽ വച്ച്, വിശുദ്ധ ബലിയിൽ ആലപിക്കുന്നതിനുവേ□ി മാനന്തവാടി രൂപത തയ്യാറാക്കിയ ''തിരുബലി നാഥനണയ്ക്കാൻ'' എന്ന ഓഡിയോ സിഡിയുടെ പ്രകാശനവും ജോസ് പള്ളത്ത്, ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ എന്നിവർ ചേർന്ന് തയ്യാറാക്കിയ ''വ്യക്തിത്വവാതായനങ്ങൾ'' എന്ന പുസ്തകത്തിന്റെ പ്രകാശനവും നടത്തപ്പെടും. ഉച്ചകഴിഞ്ഞ് 2 മണിക്ക് ജോയ്സ് മുക്കുടം അവതരിപ്പിക്കുന്ന 'മാജിക് ഷോ' ഉ□ായിരിക്കും.

പൊതു സമ്മേളനത്തിൽ വികാരി ജനറാൾ മോൺസിഞ്ഞോർ മാത്യു മാടപ്പള്ളിക്കുന്നേൽ സ്വാഗതം ആശംസിക്കും. രൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി സെബാസ്റ്റ്യൻ പാലംപറമ്പിൽ നന്ദി പ്രകാശിപ്പിക്കും.

ഡോ.ഫാ. തോമസ് ജോസഫ് തേരകം

പി.ആർ.ഒ